# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 2382 19/07/2016-ൽ മറുപടിയ്ക്ക്**

## ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | (എ) സംസ്ഥാനത്ത് ലൈസൻസില്ലാതെ വിവിധ തരം അറവുശാലകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. ലൈസൻസില്ലാതെ 369 അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അറവുശാലകളിൽ നിന്നും ഗുണനിലവാരമില്ലാത്തതും, ചത്തതും, രോഗബാധിതവും, വൃത്തിഹീനവുമായ ആടുമാടുകളുടെ മാംസം വില്ക്കുന്നത് കാരണം മാരകമായ രോഗങ്ങൾ പരക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പരിശോധനയിൽ ഗുരുതരമായ വീഴ്ച കണ്ടെത്തിയ 32 അനധികൃത അറവുശാലകളുടെ പ്രവർത്തനം ഇതിനകം നിറുത്തിവയ്പ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവു കേന്ദ്രങ്ങളെ കണ്ടെത്തി നടപടി സ്വികരിക്കണമെന്ന് പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയ നിർദ്ദേശ പ്രകാരം 262 പേർക്ക് നോട്ടീസ് നൽകുകയും 21 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അമിത ലാഭം ലക്ഷ്യമിട്ട് ആടുമാടുകളെ കുത്തിവെയ്പ്പ് നടത്തി കൃത്രിമമായി തൂക്കം കൂട്ടി മാംസം വിറ്റ് ജനങ്ങളെ രോഗികളാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഗുണനിലവാരമുള്ള ആടുമാടുകളുടെ മാംസം ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിയ്ക്കും എന്ന് വിശദമാക്കാമോ? | (ഡി) | ഗുണനിലവാരമുള്ള മാംസം ജനങ്ങളിൽ എത്തിക്കുന്നതിനായി ആധുനിക സംവിധാനമുള്ള അറവുശാലകൾ നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ സങ്കേതികസഹായവും പഞ്ചായത്ത് നഗരകാര്യ വകുപ്പുകൾ സാമ്പത്തിക സഹായവും നൽകുന്നു. ആധുനിക അറവുശാലകളുടെ നിർമ്മാണത്തിന് നടപ്പു സാമ്പത്തികവർഷം നഗരകാര്യ വകുപ്പിന് 10 കോടി രൂപയും |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് വകുപ്പിന് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മൃഗങ്ങളുടെ ഗുണനിലവാരം വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് അതിനെ അറവിനായി ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ